


ലിറ്റിൽ കൈറ്റ്സ്

# ഗവണ്മെന്റ് എച്ച് എസ് എസ്

# ഭരതന്നൂർ


ജൂബിലി സ്മാരക ഗേറ്റ്
ശ്രീമതി J. അരുന്ധതി MLAയുടെ പ്രാദേശിക വികസനഫണ്ട്.
ഗവ:ഹയർ സെക്കൻഡറി സ്കൂൾ ഭരതന്നൂർ.
തിരുവനന്തപുരം ജില്ല. ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ല.

# ആമുഖം

ഏതൊരു സ്ഥാപനത്തിനും അതിന്റെ ഉല്പത്തിയേയും വികാസത്തെയും

സംബന്ധിച്ച ഒരു ചരിത്രമുണ്ടാകും. ഭരതന്നൂർ എന്ന ഈ ഉൾനാടൻ ഗ്രാമത്തിന്റെ സരസ്വതീ

നിലയമായ ഗവണ്മെന്റ് ഹൈർസെക്കന്ഡറി സ്കൂളിനും അത്തരം ഒരു ചരിത്രമുണ്ട് .

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ആലേഖനം ചെയ്യപ്പെട്ട കല്ലറ - പാങ്ങോട്
വിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ അത് വായിച്ചെടുക്കാനാവും
പാങ്ങോട് ഗ്രാമപഞ്ചായത്തിലെ ഏക ഹയർ സെക്കൻഡറി വിദ്യാലമായ ഈ

സ്ഥാപനത്തിന് ഒൻപത് പതിറ്റാണ്ടുനീളുന്ന സ്തുത്യർഹമായ വിദ്യാദാന പാരമ്പര്യമുണ്ട് .
പെൺകുട്ടികൾക്കു വിദ്യാഭ്യാസം അപ്രാപ്യമായിരുന്ന ഒരു കാലഘട്ടത്തിലാണ് ഈ

വിദ്യാലയത്തിന്റെ ഉദയം . സാമൂഹികമായും സാമ്പത്തികമായും ഏറെ
പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കു ഭൂരിപക്ഷമുള്ള പ്രദേശമായിരുന്നു പാങ്ങോട്

പാൻഞ്ചായത് . ഈ സാമുഹികാവസ്ഥക്ക് മാറ്റം വരുത്തി ഒരു സാംസ്കാരിക

നവോധാനത്തിനു കളമൊരുക്കുന്നതിന് ഈ സ്കൂളിന്റെ സാന്നിധ്യം കൊണ്ട് കഴിഞ്ഞിട്ടുണ്ട് .

# ഉള്ളടക്കം

ചിത്രങ്ങൾ.............................

ചെറുകഥകൾ.........................

കവിതകൾ..............................







ജൂബിലി സ്മാരക ഗേറ്റ്
ഗവ:ഹയർ സെക്കൻഡറി സ്കൂൾ ഭരതന്നൂർ



# ഗൈഡ് പ്രസ്ഥാനം












MODERN PERIODIC TABLE OF THE ELEMENTS
LONG FORM






ഗവ.ഹയർ സെക്കൻഡറി സ്കൂൾ
NATIONAL SERVICE SCHEME
SFI


PTA.2003.04


EMERGENCY EXIT
KL.21
K.4509





# Little Kite Members



# ഹെയ്ദിയും നെൽക്കതിരും

ഒരിടത്ത് ഒരു ഗ്രാമത്തിൽ ഹെയ്ദി എന്നൊരു പെൺകുട്ടിയും അവളുടെ അച്ഛനും താമസിച്ചിരുന്നു.ഹെയ്ദിയുടെ അമ്മ  ചെറുപ്പത്തിൽ തന്നെ മരണപെട്ടു.പിന്നെ കുഞ്ഞുനാൾ മുതൽ അവളുടെ കാര്യങ്ങളെല്ല്ലാം ഭംഗിയോടെ നോക്കിനടത്തുന്നത് അവളുടെ അച്ഛനായിരുന്നു.ഒരു ദിവസം ഏതോ ഒരാൾ ഹെയ്ദിയുടെ അച്ഛനെ കള്ളക്കേസിൽ കുടുക്കി.അതിൽ ഹെയ്ദിയുടെ അച്ഛൻ തെറ്റുകാരനാണെന്ന്പറഞ്ഞു അവിടത്തെ ന്യായാധിപൻ ഹെയ്ദിയുടെ അച്ഛനെ ജയിലിലിലിട്ടു. ഇതറിഞ്ഞ ഹെയ്ദി പൊട്ടിക്കരഞ്ഞു.എണിറ്റു ന്യായാധിപനടുത്തേക്ക് ച്ചെന്നു. അവൾ അവളുടെ അച്ഛനെ രക്ഷിക്കണമെന്ന് പറഞ്ഞ് അദ്ദേഹത്തോട് അപേക്ഷിച്ചു.അപ്പോൾ ന്യായാധിപൻ പറഞ്ഞു "നിന്റെ അച്ഛൻ ഇപ്പ്പോൾ വലിയൊരു കേസിലെ കുറ്റവാളിയാണ്.നിനക്ക് നിന്റെ അച്ഛനെ രക്ഷിക്കണമെങ്കിൽ നീ 1001 പൊൻപണം തരണം".അവൾ കൊച്ചുകുട്ടിയാണ് ഒന്ന് ഓർത്തുനോക്കു. അവളെക്കൊണ്ട് എങ്ങനെയാ അതിനു കഴിയുന്നത്. അവൾ ദുഃഖത്തോടെ പുഴക്കരയിൽ ഇരിക്കുമ്പോൾ ഒരു നെൽക്കതിർ ഒഴുകി ചെന്നെത്തി.അവളത് എടുത്തു.എന്നിട്ടു ആലോചിക്കാൻ

തുടങ്ങി.എന്തിനാണ് ഈ നെൽക്കതിർ എന്റെ അരികിൽ ഒഴുകിവന്നെത്തിയത്.

ചിലപ്പോൾ ദൈവം എന്റെ അച്ഛനെ രക്ഷിക്കാൻ കാട്ടിത്തന്ന ഉപായം ആയിരിക്കും ഇത്.അവൾ ആലോചിച്ചിട്ട് പെട്ടന്ന് തന്നെ അവൾക്കൊരു ഉപായം തോന്നി. ഈ നെൽക്കതിർ നടാം ഇത് വളർന്ന് നെല്ലാകുമ്പോ അത് കടയിൽ കൊണ്ടുപോയി വിൽക്കാം.അപ്പോൾ എനിക്ക് ധാരാളം പണം കിട്ടുമല്ലോ? ഒരു പാടുനാൾ വേണ്ടി വരും. എന്നാലും അത് ഞാൻ ഉണ്ടാക്കുന്ന പണം അല്ലെ ദിവസങ്ങൾ കഴിഞ്ഞു പോയി. ഹെയ്ദി ആഗ്രഹിച്ചതു പോലെ നെൽക്കതിർ വളർന്ന് സ്വർണ മണികളായി നെല്ലുകൾ വിളയാൻ തുടങ്ങി. അവളതു കൊയ്ത്ത് മെതിച്ചു കടയിൽ കൊണ്ട് പോയി വിറ്റു.അവൾക്കു അവളുടെ അച്ഛനെ രക്ഷിക്കാൻ ഉള്ള പണം കിട്ടി. പിന്നീട് ഉള്ള കാലം അവർ സുഖമായി ജീവിച്ചു.

# ഇരുളും മാറും

[ചെറുകഥ]

അവളുടെ പേര് മാളു. ചെറുപ്പത്തിലേ മാതാപിതാക്കൾ മരിച്ച അവൾക്ക് എന്നും ഇരുട്ടും വീടും മാത്രമായിരുന്നു കൂട്ട്. ഇരുട്ടിനെ അവൾ ഭയപ്പെട്ടിരുന്നില്ല കാരണം അവളുടെ കൂടെപ്പിറപ്പിനെ പോലെയാണ് അവൾ ഇരുട്ടിനെ കണ്ടിരുന്നത്. ഒരു ദിവസം അവൾ നടക്കുകയായിരുന്നു ജോലി കഴിഞ്ഞു വീട്ടിലേക്ക്. അപ്പോൾ അവിടെ ഒരു പെൺകുട്ടി മാല വിൽക്കുന്നു പല നിറങ്ങളിലുമുള്ള മാലകൾ. മാളു ആ കുട്ടിയെ കണ്ട് സംസാരിച്ചു ആ കുട്ടി അന്ധയായിരുന്നു. എന്നിട്ടും തന്റെ കൂടെയുള്ള ഇരുട്ടിനെ അകറ്റി അവൾ മനസ്സിനെ വെളിച്ചമാക്കി ജീവിതോപായം കണ്ടെത്തുന്നു.അവളും അനാഥയാണ്. അവളുടെ ജീവിത സാഹചര്യ തടസ്സങ്ങളെ മറികടക്കാനാണ് ആ കുട്ടി ജീവിക്കുന്നത്. മാളു ആ കുട്ടിയേയും അവളോടൊപ്പം കൂട്ടി. അവർ രണ്ടുപേരും കൂടി ഇരുട്ടിനെ ജീവിതത്തിൽ നിന്നും പതിയെ അകറ്റി വെളിച്ചത്തെ തേടിക്കൊണ്ടേയിരുന്നു.

മേഘ S.S

IX A

# THE SHINING MOON

SHINING SHINING SHINING MOON
YOU ARE SHINING IN THE SKY

YOU SOMETIMES HALF
YOU SOMETIMES FULL

BUT YOU ARE VERY BEAUTIFUL
MOON MOON MOON DAILY SOON

YOU COMING IN NIGHT

TO GIVE THE LIGHT

YOU ARE VERY BRIGHT
YOU ARE VERY BEAUTIFUL

MOON MOON MOON SHINING MOON

BY

NASNA.S
VIII - A

# പഴഞ്ചൊല്ലുകൾ

1 . അങ്ങാടിയിൽ തോറ്റാൽ അമ്മയ്ക്ക് കുറ്റം
2 . അക്കരെ നിന്നാൽ ഇക്കരപ്പച്ച : ഇക്കരെ നിന്നാൽ അക്കരെ പച്ച
3 . അതിബുദ്ധിക്ക് അല്പായുസ്
4 . അത്താഴം മുടക്കാൻ നീർക്കോലി മതി
5 . അത്തം കറുത്താൽ ഓണം വെളുക്കും
6 . അടി തെറ്റിയാൽ ആനയും വീഴും
7 . അണ കടന്ന വെള്ളം നോക്കി അലച്ചിട്ടു കാര്യമില്ല
8 . അധികമായാൽ അമൃതും  വിഷം
9 . അപ്പം തിന്നാൽ മതി കുഴി എണ്ണേണ്ട
10 . അഹങ്കരിച്ചാൽ മുഖം കറുക്കും
11 . അഴകുള്ള ചക്കയിൽ ചുളയില്ല
12 . ഇരയിട്ടു മീൻ പിടിക്കുക
13 . എല്ലാം അറിഞ്ഞവനില്ല : ഒന്നുമറിയാത്തവനുമില്ല

14 . ഏച്ചു കെട്ടിയാൽ മുഴച്ചിരിക്കും

15 . ഓണത്തിനിടക്ക് പുട്ടു കച്ചവടം

16 . കാക്ക കുളിച്ചാൽ കൊക്കാകുമോ ?

17 . കള്ളന്റെ കയ്യിൽ താക്കോലേല്പ്പിക്കുക

18 . കാക്കക്കൂട്ടിൽ കല്ലെറിയരുത്

19 . കാലം കേട്ടാൽ കോലം കെടും

20 . കൊതിച്ചതൊന്ന് . വിധിച്ചത് മറ്റൊന്ന്

BY

Anzala J.Kalam

9D

Presented

By

Little kites Members

G H S S Bharathannoor